(എഫ്) 2015-ലെ തെരെഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനും നഗരസ്വഭാവം ആർജ്ജിച്ച ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസരിച്ച് പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പക്ഷേ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത ആവശ്യമായിരുന്നതുകൊണ്ട് കൂടുതൽ സമഗ്രമായ ഒരു റിപ്പോർട്ട് നൽകാൻ നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്.

പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനം

8 (*278) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എം. എ. ബേബി :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. സാജു പോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) ഇങ്ങനെ തീരുമാനം എടുത്തപ്പോൾ രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയിരുന്നുവോ ;

(സി) കർഷകരുടെ എതിർപ്പിനെ മറികടന്ന് രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സ്വീകരിച്ച ഇത്തരം നടപടികളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; അത് സംബന്ധിച്ച് പരിശോധന നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 1 കി.മീ. ചുറ്റളവിലെ താറാവുകളെയും മറ്റ് പക്ഷികളെയും കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശം പ്രകാരം കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നു.

(ബി) രോഗം സ്ഥിരീകരിച്ച സ്ഥലത്തിന് 1 കി.മീ ചുറ്റളവിലെ എല്ലാ വളർത്തു പക്ഷികളെയും കൊന്നൊടുക്കിയിരുന്നു. രോഗം പകരാതിരിക്കാൻ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത്.

(സി) 1 കി.മീ ചുറ്റളവിലെ രോഗം ബാധിച്ചതും രോഗം ബാധിക്കാത്തതുമായ എല്ലാ വളർത്തു പക്ഷികളെയും കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. രോഗ സംക്രമണം തടയുന്നതിനും മനുഷ്യരിലേയ്ക്ക് രോഗം പകരാതിരിക്കുവാനുള്ള മുൻകരുതലെന്ന നിലയിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോൾ പ്രകാരമാണ് ഇങ്ങനെ ചെയ്തത്.

(ഡി) രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല.

വീട്ടുകൃഷിക്ക് പ്രോത്സാഹനം

9 (*279) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ് ;

(ബി) വീട്ടു കൃഷിയിലൂടെ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) വീട്ടുകൃഷിയുടെ ഭാഗമായി നഗര പ്രദേശങ്ങളിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly